# പതിമൂന്നാം കേരള നിയമസഭ

## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം :398 — 29.06.2015 ൽ മറുപടിയ്ക്ക്

## സൗരോർജ്ജ വൈദ്യുത പദ്ധതികൾ

**ചോദ്യം**

ശ്രീ.വി.ശിവൻകുട്ടി

(എ) സൗരോർജ്ജ പദ്ധതികൾ വികസിപ്പിച്ച് 60 മെഗാവാട്ട് വൈദ്യുതി ലഭ്യമാക്കുന്നതിനായി, 2014-15 സാമ്പത്തിക വർഷത്തെ ബജറ്റിൽ 10 കോടി രൂപ വകയിരുത്തിയത് വിനിയോഗിച്ച നടപ്പിലാക്കിയ പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ?

**ഉത്തരം**

ശ്രീ.ആര്യാടൻ മുഹമ്മദ്
( ഊർജ്ജ വകുപ്പ് മന്ത്രി)

(എ)2014-15 സാമ്പത്തിക വർഷം അനെർട്ട് മുഖേന 2 കിലോവാട്ട് മുതൽ 100 കിലോവാട്ട് വരെ ശേഷിയുള്ള 12 മെഗാവാട്ട് ഉത്പാദന ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ ഫോട്ടോവോൾട്ടായിക് പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതിയിട്ടിരുന്നു. കിലോവാട്ടിന് 10,000 രൂപ എന്ന നിരക്കിൽ സംസ്ഥാന സർക്കാർ സബ്സിഡിയും നിശ്ചിത തുകയുടെ 30% എന്ന നിരക്കിൽ കേന്ദ്ര സർക്കാർ സബ്സിഡിയും ഉപയോഗപ്പെടുത്തി ഈ പദ്ധതിയുടെ നിർവ്വഹണം കേന്ദ്ര സർക്കാരിന്റെ അംഗീകൃത എംപാനൽഡ് നിർമ്മാതാക്കൾ മുഖേന നടപ്പിലാക്കുനാണ് ഉദ്ദേശിക്കുന്നത്. ഏകദേശം 11 മെഗാവാട്ട് ശേഷിയുള്ള പവർപ്ലാന്റുകളുടെ രജിസ്ട്രേഷൻ ഇതിനകം പൂർത്തിയായി ക്കഴിഞ്ഞു. കേരള സംസ്ഥാന വൈദ്യുതി ബോർഡ് ലിമിറ്റഡിന്റെ കണക്ടിവിറ്റി അംഗീകാരത്തിനു വിധേയമായിട്ടാകും ഇവ സ്ഥാപിക്കുന്നത്.

സെക്ഷൻ ഓഫീസർ